# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5267.** **15/11/2019 -ൽ മറുപടിക്ക്**

**പട്ടാമ്പി സംസ്കൃത കോളേജ് സയൻസ് ബ്ലോക്ക് നിർമ്മാണം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ പി | | ഡോ.കെ.ടി.ജലീൽ<br>( ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) പട്ടാമ്പി സംസ്കൃത കോളേജ് സയൻസ് ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ തീയതികൾ സഹിതം വ്യക്തമാക്കാമോ; | (എ) | 1. പുതിയതായി നിർമ്മാണത്തിലിരിക്കുന്ന സയൻസ് ബ്ലോക്കിന്റെ വൈദ്യുതീകരണത്തിന് വേണ്ടി 256 ലക്ഷം രൂപ G.O(Rt)No.1624/2018/ഉ.വി.വ തീയതി 03/09/2018 പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് വൈദ്യുതീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br>2. G.O(Rt)No.1203/2019/ഉ.വി.വ 16/07/2019-ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത ബ്ലോക്കിന്റെ ബാക്കി നിൽക്കുന്നതും കൂട്ടിച്ചേർക്കപ്പെട്ടതുമായ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി 2019-20 ആനുവൽ പദ്ധതി പ്രകാരം 300 ലക്ഷം രൂപ അനുവദിച്ചു. ടി തുകയ്ക്കുള്ള പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി സെലക്ഷൻ നോട്ടീസ് കോൺട്രാക്ടർക്ക് കൈമാറി. എഗ്രിമെന്റ് നടപടികൾ പുരോഗമിക്കുന്നു. |
| (ബി) കഴിഞ്ഞ സർക്കാറിന്റെ കാലത്ത് ഈ പദ്ധതിയുടെ സ്റ്റേജ് എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; ഇതിന്റെ രൂപരേഖകളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെട്ടിടത്തിന്റെ രൂപരേഖയിലും തച്ചുശാസ്ത്രത്തിലും മാറ്റങ്ങൾ വന്നതുകൊണ്ട് ടെണ്ടർ നടപടികൾക്കു ശേഷമുള്ള കരാർ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും ഇതിനായി പല ഘട്ടങ്ങളിലായി അനുവദിച്ചിട്ടുള്ള തുക ഓരോന്നും അതിന്റെ വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

(സി) മൂന്ന് തവണകളായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്.

1. G.O(Rt)No.1226/2012/ഉ.വി.വ 21/06/2012 പ്രകാരം സയൻസ് ബ്ലോക്കിന്റെ നിർമ്മാണത്തിനു വേണ്ടി 30.30 കോടി രൂപ അനുവദിച്ചു. നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.
2. G.O(Rt)No.1624/2018/ഉ.വി.വ 03/09/2018 പ്രകാരം വൈദ്യുതീകരണത്തിനു വേണ്ടി 256 ലക്ഷം രൂപ അനുവദിച്ചു. വൈദ്യുതീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.
3. G.O(Rt)No.1203/2019/ഉ.വി.വ തീയതി 16/07/2019 പ്രകാരം പ്രസ്തുത ബ്ലോക്കിന്റെ ബാക്കി നിൽക്കുന്നതും കൂട്ടിച്ചേർക്കപ്പെട്ടതുമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2019-20 സാമ്പത്തിക വർഷം 300 ലക്ഷം രൂപ അനുവദിച്ചു ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സെലക്ഷൻ നോട്ടീസ് കോൺട്രാക്ടർക്ക് കൈമാറി. എഗ്രിമെന്റ് നടപടികൾ പൂർത്തിയായി വരുന്നു.

**സെക്ഷൻ ഓഫീസർ**